**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2963** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ജനതയ്ക്ക് അർഹതപ്പെട്ട ഭൂമിയും വനാവകാശവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ജനതയ്ക്ക് അർഹതപ്പെട്ട ഭൂമിയും വനാവകാശവും സംരക്ഷിച്ച നൽകുന്നതിനു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദാംശം നല്കുമോ; | (എ) | **ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലക്ക് വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമ പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളെ ഭൂമിയുടെ ഉടമസ്ഥരാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. അതിദരിദ്രപട്ടികയിൽ ഉൾപ്പെട്ട പട്ടികവർഗ്ഗക്കാരിൽ ഭൂമിയും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും അനുവദിക്കുന്നു.**<br><br>**1999 ലെ കെ.എസ്.ടി. ആക്ട് പ്രകാരം സംസ്ഥാനത്തെ പട്ടിക വർഗക്കാരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനായി ഭൂമി കയ്യേറ്റം നിയന്ത്രിക്കുവാനും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിച്ചു വരുന്നു.**<br><br>**2006 ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റു പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമ പ്രകാരം വ്യക്തിഗത വനാവകാശ രേഖ അനുവദിച്ചിട്ടുള്ള പട്ടിക വർഗ സങ്കേതങ്ങൾ, ഊരുകൾ (ഫോറസ്റ്റ് വില്ലേജ്) എന്നിവ റവന്യൂ വില്ലേജുകളായി പരിവർത്തനം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി സ.ഉ (കൈ) നം.30/2025/RD തീയതി, 03.02.2025 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത്തരത്തിൽ റവന്യൂ വില്ലേജുകളാക്കുന്നതോടുകൂടി കൈവശഭൂമിയ്ക്ക് കരമടയ്ക്കുന്നതിന് സാധ്യമാകുന്നതാണ്.** |

| | | | |
|---|---|---|---|
| | | | **ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനാവകാശ നിയമ പ്രകാരം 4690 കുടുംബങ്ങൾക്ക് 6288.13 ഏക്കർ ഭൂമിയ്ക്ക് കൈവശാവകാശരേഖയും, 213 കുടുംബങ്ങൾക്ക് 48.28 ഏക്കർ റവന്യൂ / പ്രോജക്റ്റ് / ഫാം ഭൂമി പട്ടയവും, 3426 കുടുംബങ്ങൾക്കായി 2106.21 ഏക്കർ നിക്ഷിപ്ത വനഭൂമിയുള്ള അവകാശരേഖയും നൽകി. കൂടാതെ ലാന്റ് പർച്ചേസ് മുഖേന 274 കുടുംബങ്ങൾക്കായി 149.04 ഏക്കർ ഭൂമിയും, ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 388 കുടുംബങ്ങൾക്ക് 68.52 ഏക്കർ ഭൂമിയും വാങ്ങി നൽകി. 171 പ്രളയ ദുരിതബാധിത കുടുംബങ്ങളെ 20.47 ഏക്കർ ഭൂമി വാങ്ങി പുനരധിവസിപ്പിച്ചു. ഇത്തരത്തിൽ 9162 കുടുംബങ്ങൾക്ക് 8680.646 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്.** |
| (ബി) | സംസ്ഥാനത്ത് വിദൂര വനപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് പുറംലോകവുമായി ബന്ധപ്പെടുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | **സംസ്ഥാനത്ത് വിദൂര വനപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് പുറംലോകവുമായി ബന്ധപ്പെടുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വേണ്ടി പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ വകുപ്പിന്റെ/ ത്രിതല പഞ്ചായത്തുകളുടെ പദ്ധതികളിൽ ഉൾപ്പെടുത്തി റോഡ്/പാലം നിർമ്മാണം എന്നിവയ്ക്കുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2025-26 ബഡ്ജറ്റിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഒരു പുതിയ പദ്ധതി പ്രഖ്യാപിച്ചിരുന്നു (SPECIAL PACKAGE FOR ADDRESSING CRITICAL GAPS IN BASIC AMENITIES UNNATHIES). അതിനായി 1150 ലക്ഷം രൂപ വകയിരിത്തിയിട്ടുണ്ട്.** |
| (സി) | ഒപ്റ്റിക്കൽ ഫൈബർ കണക്ഷനിലൂടെ കണക്ടിവിറ്റി ഉറപ്പാക്കാൻ കഴിയാത്ത മേഖലകളിൽ കൂടുതൽ മെച്ചപ്പെട്ട സാങ്കേതികവിദ്യ ഉപയോഗിച്ച് തടസ്സരഹിതമായ 5 ജി കണക്ടിവിറ്റി ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | **ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാത്ത പ്രദേശങ്ങളിൽ കണക്ടിവിറ്റി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ BSNL ന്റെ 4G സാച്ചുറേഷൻ പദ്ധതിയുടെ ഭാഗമായി ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാത്ത 165 പട്ടിക വർഗ്ഗ ഉന്നതികളിലും കൂടാതെ KFONE നടപ്പിലാക്കുന്ന കണക്ടിംഗ് ദി അൺ കണക്ടഡ് പദ്ധതിയുടെ ഭാഗമായും ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാത്ത പ്രദേശങ്ങളിൽ കണക്ടിവിറ്റി ലഭ്യമാക്കിവരുന്നു.** |

സെക്ഷൻ ഓഫീസർ